THE TRAVANCORE LEGISLATIVE ASSEMBLY.

FIRST ASSEMBLY.

FIRST SESSION 1948/1123.

OFFICIAL REPORT.

Wednesday the 2nd June 1948 20th Idavom 1123.

The first meeting of the Travancore Legislative Assembly convened under the provisions of the Interim Constitution Act, VI of 1123, was held in the Legislative Chamber, Public Offices, at 11 of the clock with the President, (the Hon'ble Mr. A. J. John) in the Chair.

ചോദ്യങ്ങൾ.

MR. K. R. ELANKATH (*Trivandrum IV-General*) : സർ, ചോദ്യോത്തരങ്ങളിലേക്ക് പ്രവേശിക്കുന്നതിനുമുമ്പ് ഒരു സംഗതി അങ്ങയുടെ മുമ്പിൽ കൊണ്ടുവരുന്നതിനു് ഞാൻ ഉദ്ദേശിക്കുന്നു. ഇതിനു് മുമ്പു് അന്നന്നു് ചോദിക്കുന്ന ചോദ്യങ്ങൾക്കുത്തരം മെമ്പറന്മാരുടെ മേശപ്പുറത്തു് വയ്ക്കുകയാണു് പതിവു്. അങ്ങിനെ ചെയ്താൽ പല ചോദ്യങ്ങളും ഉപചോദ്യങ്ങൾ ചോദിക്കാതെ തന്നെ വിടുവാൻ കഴിയും. ഇതു സംബന്ധിച്ചു് അങ്ങു് ഒരു റൂളിംഗ് നൽകിയാൽ കൊള്ളാമെന്നു് ഞാൻ അഭ്യർത്ഥിക്കുന്നു.

MR. PRESIDENT : സ്റ്റാൻഡിംഗ് ഓർഡർ ൧൪–ാംനമ്പരിലെ വ്യവസ്ഥ അനുസരിച്ചു് ചോദ്യങ്ങളും, ഉത്തരങ്ങളും സംബന്ധിച്ചു് എനിക്കു് ഒരു പ്രസ്താവന ചെയ്യുവാനുണ്ടു്.

നിയമസഭയുടെ ഇതിനുമുമ്പുള്ള ചട്ടങ്ങൾ അനുസരിച്ചു് (S. O. 12 at page 95 of Assembly Manual) ചോദ്യങ്ങളും അവയ്ക്കുള്ള ഉത്തരങ്ങളും അച്ചടിച്ചു് സഭ കൂടുന്നതിനു മുമ്പു് മേശപ്പുറത്തു വയ്ക്കുകയായിരുന്നു പതിവു്. എന്നാൽ ഇപ്പോഴത്തെ ചട്ടങ്ങൾ അനുസരിച്ചു് ഉത്തരങ്ങൾ അച്ചടിച്ചു മേശപ്പുറത്തു വയ്ക്കേണ്ട ആവശ്യമില്ല. ബഹുമാനപ്പെട്ട മെമ്പർമാർ അയച്ചിട്ടുള്ള ചോദ്യങ്ങളിൽ സ്വീകരിച്ചിട്ടുള്ളവ ക്രമനമ്പരിട്ടു അച്ചടിച്ചു മെമ്പർമാർക്കു അയച്ചുതന്നിട്ടുണ്ടല്ലോ. അവയിൽ ഇന്നേദിവസം ഉത്തരം പറയുന്നതായ ചോദ്യങ്ങ

LIBRARY ARCHIVES Kerala Legislative Assembly

[Mr. President]

ളുടെ നമ്പരുകൾ ഇന്നത്തെ അജൻറായിൽ ചേർത്തിട്ടുണ്ട്. ഈ ക്രമം മേലും തുടരുന്നതാണ്. അജൻറായിലെ നമ്പർ ക്രമമനുസരിച്ച് ചോദ്യകർത്താവിൻെറ പേർ പ്രസിഡൻറ് വിളിക്കുന്നതും, ചോദ്യകർത്താവ് അപ്പോൾ എഴുനേറ്റുനിന്ന് ചോദ്യത്തിൻെറ നമ്പർ വായിക്കേണ്ടതുമാണ്. ചോദ്യങ്ങൾക്ക് ഉത്തരം മന്ത്രിമാരോ അതിലേക്ക് ചുമതലപ്പെട്ട അനുദ്യോഗസ്ഥ അംഗമോ പറയുന്നതാണ്.

ചോദ്യകർത്താവിൻെറ പേർ വിളിക്കുന്ന സന്ദർഭത്തിൽ ചോദ്യം ചോദിക്കാതിരിക്കുകയോ ചോദ്യകർത്താവ് ഹാജരില്ലാതിരിക്കുകയോ ചെയ്താൽ ഏതെങ്കിലും അംഗത്തിൻെറ അപേക്ഷയിന്മേൽ പ്രസിഡൻറിന് അതിൻെറ ഉത്തരം നൽകാൻ നിർദ്ദേശിക്കാവുന്നതാണ്.

ഉപചോദ്യങ്ങൾ.

ഉത്തരം നൽകിക്കഴിഞ്ഞതായ ഒരു കാര്യത്തെ കൂടുതൽ വിശദമാക്കുന്നതിനായി ഏതെങ്കിലും അംഗത്തിന്, നിയമമനുസരിച്ചുള്ള ഉപചോദ്യം ചോദിക്കാവുന്നതാണ്. നാളിൽ ഒരു ഉപചോദ്യം ചോദിക്കാം എന്നാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. ശ്രീമൂലം അസംബ്ലിയുടെ നാളുകളിലും ഇതേ വ്യവസ്ഥ തന്നെയാണ് ചെയ്തിരുന്നത്. പക്ഷെ ഒന്നിൽ കൂടുതൽ ഉപചോദ്യങ്ങൾ ചോദിക്കുന്നതിന് അനുവദിക്കുകയായിരുന്ന ഇതേവരെയുള്ള പതിവ്. ഈ പതിവിന് വിപരീതമായി ഒരു ഉപചോദ്യം മാത്രം ചോദിക്കുന്നതിന് അനുവദിച്ചാൽ മതിയെന്നാണ് ഈ സഭയുടെ അഭിപ്രായമെങ്കിൽ അങ്ങനെ ചെയ്യാം. അല്ലാത്ത പക്ഷം മുൻ പതിവനുസരിച്ച് ഉപചോദ്യങ്ങൾ അനുവദിക്കുന്നതായിരിക്കും.

MR. JOSEPH MALIECKAL (*Thodupuzha I-General*) Sir, Rule 10 runs as follows:— (I) Notice of a question shall be given in writing to the Secretary and shall specify:—

ഇതനുസരിച്ച് ചോദ്യം അയക്കുന്ന ആൾ ഇത്രാംതീയതി തന്നെ ആ ചോദ്യങ്ങൾക്കുള്ള ഉത്തരം തരണമെന്ന് കാണിച്ചിരിക്കേണ്ടതായിട്ടുണ്ട്. ഇന്നത്തെ തീയതിക്ക് ഉത്തരം കിട്ടണമെന്ന കാണിച്ച് അഞ്ചു ചോദ്യങ്ങൾ ഞാൻ അയക്കുകയും പ്രസിഡൻറ് അതനുവദിക്കുകയും ചെയ്തിട്ടുണ്ട്. ആ ചോദ്യങ്ങൾ കൂടി ഇന്നത്തെ ലിസ്റ്റിൽ വരുമെന്ന ഞാൻ ന്യായമായി പ്രതീക്ഷിച്ചിരുന്നു. എന്നാൽ ഞാൻ അയച്ച ചോ

LIBRARY ARCHIVES Kerala Legislative Assembly